V.1.1

# منظم مكتب

# വ്യവസ്ഥാപിത പ്രാഥമിക മദ്റസ

DEENIYAT

**DEENIYAT KERALA**

**RUN BY: KMKIH TRUST MAKTHAB WING .KAYAMKULAM,**
**UNDER THE SUPERVISION OF IDARA DEENIYAT MUMBAI)**

Office : Al - Jamiathul Hasaniyya, H.H.Y.S Road,
Kayamkulam, Alappuzha, Pin : 690502

ww.deeniyat.com, www.deeniyatkerala.com

بسم الله الرحمن الرحيم

## قران
## Qur’aan

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ
وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ ۗ

قرآن [سورۂ آل عمران:۱۱۰]

അല്ലാഹുവിൽ വിശ്വസിക്കുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഉത്തമ സമുദായമായിട്ടാണ് നിങ്ങൾ ജനങ്ങൾക്ക് വേണ്ടി നിയോഗിക്കപ്പെട്ടിരുന്നത്. (സൂറത്തുആലുഇംറാൻ 110)

## موبائل اپلیکشن
## Mobile Application

Available on the App Store

Android App on Google Play




Deeniyat Maktab

Deeniyat Syllabus

Prayer time Qibla & Hadees

Hamd & Naat

Qur’aan-e-Kareem 11 Line

Qur’aan-e-Kareem 13 Line

Qur’aan-e-Kareem 15 Line

Surah-e-Yasin

Manzil

Hajj & Umrah Guide

Hifazat

Tohfa-e-Nikaah




## ഡിജിറ്റൽ മീഡിയ

ഇസ്‌ലാമിക ശരീഅത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഡിജിറ്റൽ മീഡിയ ഉപയോഗപ്പെടുത്തുന്നു.

- ഇസ്‌ലാമിക ശരീഅത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഡിജിറ്റൽ മീഡിയ ഉപയോഗപ്പെടുത്തുന്നു.
- വീഡിയോ മുഖാന്തിരം വ്യവസ്ഥാപിത മദ്റസ നടത്താനുള്ള ട്രൈനിംഗ്.
- വാട്സാപ്പിലൂടെയും, എസ്.എം.എസിലൂടെയും ദീനീ മെസേജുകൾ.
- വെബ്സൈറ്റ് : ww.deeniyat.com, www.deeniyatkerala.com

## ദീനിയ്യാത്ത്

വിദ്യാർത്ഥികൾ, സ്ത്രീകൾ,
പുരുഷന്മാർ എന്നിവർക്കെല്ലാം
ഖുർആനിന്റെയും ഹദീസിന്റെയും
വെളിച്ചത്തിൽ മത വിജ്ഞാനവും
ധാർമിക വിദ്യാഭ്യാസവും (MORAL
EDUCATION) പകർന്ന് നൽകുക
എന്ന മഹത്തായ ലക്ഷ്യത്തിൽ
2003 മുതൽ പ്രവർത്തിക്കുന്ന ഒരു
സന്നദ്ധസംഘടനയാണ് ദീനിയ്യാത്ത്.
ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം
മതപരമായ അറിവും ധാർമിക
മൂല്യങ്ങളും നേടി മുഴുവൻ
സൃഷ്ടികൾക്കും ഗുണം ചെയ്യുന്ന
തലമുറകളെ വാർത്തെടുക്കാൻ
ദീനിയ്യാത്ത് ലക്ഷ്യമിടുന്നു.
അതിനായി ഓരോ മസ്ജിദിലും
സ്കൂളിലും വ്യവസ്ഥാപിതമായി
പ്രവർത്തിക്കുന്ന പ്രാഥമിക മദ്റസകൾ
സ്ഥാപിച്ച് കൊണ്ട് ഓരോ വ്യക്തിക്കും
ദീനീവിജ്ഞാനം പ്രാപ്യമാക്കാൻ
ദീനിയ്യാത്ത് പരിശ്രമിച്ച് കൊണ്ടിരിക്കുന്നു.

# ദീനിയ്യാത്ത്
# വ്യവസ്ഥാപിത മദ്റസ

അടിസ്ഥാന ഇസ്ലാമിക മതവിദ്യാഭ്യാസം സമൂഹത്തിനെത്തിക്കാനും ജീവിതത്തിൽ അവ പ്രാവർത്തികമാക്കുന്നതിന് അവരെ പ്രാപ്തരാക്കാനും ഏറ്റവും നല്ല മാർഗ്ഗമാണ് വ്യവസ്ഥാപിത പ്രാഥമിക മദ്റസകൾ (ORGANAIZED MAKTHAB). മുസ്ലിം സമുദായത്തിന്റെ ജീവനാഡിയായ മദ്റസകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ശാസ്ത്രീയവും ചിട്ടയൊത്തതുമായ സംവിധാനമാണ് ദീനിയ്യാത്ത് മുന്നോട്ട് വെക്കുന്നത്. പരിശുദ്ധ ഖുർആനിന്റെ തജ്വീദ് പ്രകാരമുള്ള പഠനം, അഖാഇദ് (വിശ്വാസ കാര്യങ്ങൾ), ഫിഖ്ഹ് (കർമ്മ ശാസ്ത്രം), സ്വഭാവ സംസ്കരണം, എന്നിങ്ങനെ അടിസ്ഥാനപരവും വ്യക്തിപരമായി അറിയൽ നിർബന്ധബാധ്യതയാകുന്നതുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന സിലബസ് ഈ സംവിധാനത്തിന്റെ ഭാഗമാണ്. മദ്റസാ സംവിധാനത്തിന്റെ വിജയകരവും ഫലപ്രദവുമായ നടത്തിപ്പിന് നാല് അടിസ്ഥാന ഘടകങ്ങൾ വ്യവസ്ഥാപിതമായി സംയോജിപ്പിക്കേണ്ടത്.

- **സിലബസ്** (SYLLUBUS)
- **സിസ്റ്റം** (SYSTEM)
- **അധ്യാപന രീതി** (METHOD OF TEACHING)
- **മേൽനോട്ടം** (SUPER VISION)

## പ്രത്യേകതകൾ

- സുന്ദരമായ അന്തരീക്ഷം
- ശാസ്ത്രീയമായ സമയക്രമം
- ഖുർആനിൽ വൈദഗ്ധ്യം നേടിയ അധ്യാപകർ
- മിതമായ ഫീസ് ഘടനയിലൂടെ സ്വയം പര്യാപ്തത നേടിയ മദ്റസ
- അർദ്ധവാർഷിക – വാർഷിക പരീക്ഷകൾ
- വാർഷിക സംഗമം
- അധ്യാപകർക്കും മാനേജ്മെന്റിനും പ്രത്യേകമായ (ട്രെയിനിംഗ്) വർക്ക്ഷോപ്പ്
- കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പുരോഗതി ലഭിക്കുന്ന ഗ്രൂപ്പ് ടീച്ചിംഗ് ശൈലി
- വിദ്യാർത്ഥി സൗഹൃദമായ അധ്യാപന രീതി
- മദ്റസാ പുരോഗതിക്ക് സമർപ്പണ മനോഭാവമുള്ള മാനേജ്മെന്റ്
- മുഴുവൻ സമയ മേൽനോട്ടത്തിന് പ്രിൻസിപ്പൽ
- മുഫത്തിഷുമാരുടെ മേൽനോട്ടവും പരിശോധനയും

# ദീനിയ്യാത്ത് പ്രസിദ്ധീകരണങ്ങൾ




### അൽ-ഖുർആനൽ കരീം

പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവർക്ക് സൗകര്യപ്രദമായനിലയിൽ വൃത്തിയുള്ള അക്ഷരങ്ങളിൽ മനോഹരമായ ഡിസൈനിംങ്ങോടെ 13 ഉം 15 ഉം വരികളുള്ള ഖുർആൻ തയ്യാറാക്കപ്പെട്ടിരിക്കുന്നു.



### സഹീഹുൽ ബുഖാരി

അച്ചടിപരമായ തെറ്റുകൾ തിരുത്തിക്കൊണ്ട് കമ്പ്യൂട്ടറൈസ് ചെയ്ത് മനോഹരമായ ശൈലിയിൽ പ്രിന്റ് ചെയ്യപ്പെട്ടിരിക്കുന്നു.



### പാഞ്ച്മിനിറ്റ് മദ്റസ
### ഖുർആൻ-ഹദീസുകളുടെ വെളിച്ചത്തിൽ

പ്രധാനപ്പെട്ട ദീനീവിഷയങ്ങൾ 10 തലക്കെട്ടുകളിലായി ഇസ്ലാമി മാസക്രമങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥം




### ഖുത്വുബാത്തെ ജുംഅ

ആധുനിക വിഷയങ്ങൾ ലളിതമായ ഭാഷയിൽ പരാമർശിക്കുന്ന അറബി-ഉറുദു ഖുത്ബകൾ




### ഖുർആൻ കാ പൈഗാം
### (വിശുദ്ധഖുർആൻ സന്ദേശം)

പരിശുദ്ധഖുർനിന്റെസന്ദേശം ചുരുങ്ങിയ സമയത്തിൽ (10 മിനിറ്റ്) ഉമ്മത്തിന് കൈമാറുന്നതിന് തയ്യാറാക്കപ്പെട്ടത്.ഓരോ ജുസ്ഉം കാൽജുസ്അ് വീതം വിഭജിച്ച് കൊണ്ട് അതിലെ സന്ദേശങ്ങൾ വിവരിക്കുന്നു.




### മുഅല്ലിം കോഴ്സ്

ആലിംകോഴ്സ് ആരംഭിക്കുന്നതിന് മുൻപുള്ള പ്രാരംഭ വിദ്യാഭ്യാസത്തിനും പിന്നോക്ക പ്രദേശങ്ങളിലേക്ക് ഇമാം,മുഅല്ലിമുകളെ തയ്യാറാക്കുന്നതിനും വേണ്ടിയുള്ള കോഴ്സ്.




### വെക്കേഷൻ കോഴ്സ്

ദീനീ വിദ്യാഭ്യാസം നേടാത്ത കുട്ടികൾക്ക് അവധി സമയത്ത് ദീനീ ഇൽമ് പകർന്നു നൽകുന്നതിന് 30 ദിവസം മാത്രം ദൈർഘ്യമുള്ള കോഴ്സ്




### സച്ചീകഹാനിയ
### (സത്യസന്ധമായ ഗുണപാഠകഥകൾ)

ഇത് അഞ്ച് ഭാഗങ്ങളാണ്.പരിശുദ്ധ ഖുർആൻ -ഹദീസുകളിൽ നിന്നും മഹാന്മാരുടെ ചരിത്രത്തിൽ നിന്നുള്ള ഗുണപാഠകഥകൾ വിവരിക്കുന്ന പുസ്തകമാണിത്.




### ബലായി കരോ ഔർ
### ബുരായി സേ ബച്ചോ

നന്മയും തിന്മയുമായി ബന്ധപ്പെട്ട പ്രധാന വിവരണം.




### അഖ്ലാഖി തഅ്ലീം
### (Moral Education)

ഇസ്ലാമിന്റെ സൽസ്വഭാവത്തെക്കുറിച്ചുള്ള അദ്ധ്യാപനങ്ങൾ വിവരിക്കുന്ന പുസ്തകം.

# بـــالغان نصـــاب

## എൽഡേഴ്സ് (മുതിർന്നവർക്കുള്ള) കോഴ്സ് (3 വർഷം)

**03** YEARS




**മുതിർന്ന സ്ത്രീകൾക്കും, പുരുഷന്മാർക്കും തയ്യാറാക്കപ്പെട്ട ഈ കോഴ്സിൽ പഠിപ്പിക്കപ്പെടുന്ന കാര്യങ്ങൾ:**
നൂറാനി ഖാഇദ,15 ജുസ്അ് ഖുർആൻ പാരായണ പരിശീലനം, ദിനചര്യകളുമായി ബന്ധപ്പെട്ട ദുആകളും സുന്നത്തുകളും, 40 ഹദീസുകൾ മനഃപ്പാഠമാക്കൽ, അടിസ്ഥാന ഇസ്‌ലാമിക വിശ്വാസങ്ങൾ , ശുദ്ധി, നിസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, മയ്യിത്ത് പരിപാലനം, വിവാഹം, തലാഖ്, ഇദ്ദ തുടങ്ങിയവയുടെ നിയമങ്ങൾ, നബിയുടെ മക്ക–മദീന ജീവിതം, 60 സ്വഭാവ സൽസ്വഭാവ പാഠങ്ങൾ, അറബിയിൽ വ്യത്യസ്ഥ വസ്തുക്കളുടെ നാമങ്ങൾ, ഉർദു എഴുതാനും വായിക്കാനുമുള്ള പരിശീലനം.






**മദ്റസാ സാമഗ്രികൾ:**
യൂണിഫോം, ടാഗ്, ഐ ഡി കാർഡ്, ട്രോഫി, മെഡൽ, സർട്ടിഫിക്കറ്റ്, റിസൽറ്റ് കാർഡ്, പെൻ

# دينيات نصاب

## സിലബസ് (പ്രൈമറി തലം)




**1.ഖുർആൻ**

നൂറാനീ ഖാഇദ – നാളിറ ഖുർആൻ
(പാരായണ പരിശീലനം)

ഹിഫ്ള് സൂറത്ത്
(സൂറത്തുകൾ മനഃപ്പാഠമാക്കൽ)

**2. ഹദീസ്**

ദുആ, സുന്നത്ത്

ഹിഫ്ള് ഹദീസ്

(ഹദീസ് മനപ്പാഠമാക്കൽ)

**3. അഖാഇദ്, മസാഇൽ**

അഖാഇദ് (വിശ്വാസം)

നമസ്കാരം

അസ്മാഉൽ ഹുസ്നാ

മസാഇൽ (കർമ്മ ശാസ്ത്രം)

**4. ഇസ്ലാമിക ശിക്ഷണം**

ഇസ്ലാമിക പൊതുവിജ്ഞാനം

പഭാഷണം,ദുആ

സീറത്ത് (ചരിത്രം)

സൽസ്വഭാവ പാഠങ്ങൾ

**5. ഭാഷാ**

അറബി

ഉർദു



# اضافی نصاب

## അഡ്വാൻസ് കോഴ്സ് (5 വർഷം)

05
YEARS




**പാഠ്യവിഷയങ്ങൾ :**
തഫ്സീർ നിദാന ശാസ്ത്രം, തഫ്സീർ ഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും, സൂറത്തുൽ ഖദർ മുതൽ ഫജ്ർ വരെ അർത്ഥവും ലഘു വിവരണവും. 35 ദുആകൾ, 12 പ്രവർത്തനങ്ങളുടെ മര്യാദകൾ, 20 ഹദീസുകളുടെ അർത്ഥവും ലഘു വിവരണവും, സിഹാഹുസ്സിത്തയിലെ ഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും, ഇസ്ലാമിക വിശ്വാസ സംഹിതയുടെ വിശദമായ പഠനം, കർമശാസ്ത്രത്തിൽ നിസ്കാരം, കച്ചവടം, മെഡിക്കൽ ഇൻഷുറൻസ്, പണയം, മയ്യിത്ത് പരിപാലനം, വിവാഹം, ത്വലാഖ്, ഇദ്ദ, അനന്തരാവകാശം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന നിയമങ്ങൾ, 63 പണ്ഡിതരുടെ ജീവിതം, ഖുലഫാഉർറാശിദൂനിന്റെയും അബ്ബാസിയ്യ, അമവിയ്യ,ഉസ്മാനിയ്യ ഖിലാഫത്തിന്റെയും കാലങ്ങൾ, അറബി ഭാഷ സംസാരിക്കാനും എഴുതാനുമുള്ള പരിശീലനം.

# ثانوی نصاب

## സെക്കന്ററി കോഴ്സ് (5 വർഷം)

**05** YEARS







**പാഠ്യവിഷയങ്ങൾ :**

സൂറത്തു ഹുജറാത്ത് മുതൽ സൂറത്ത് മുർസലാത്ത് വരെ മധ്യവേഗത്തിലുള്ള (തദ്‌വീർ) പാരായണ പരിശീലനം, തജ്‌വീദിന്റെ പ്രധാന നിയമങ്ങൾ, 10 സൂറത്തുകൾ മനപ്പാഠമാക്കൽ, സൂറത്തുൽ ഫാതിഹ, സൂറഃബയ്യിന മുതൽ സൂറ : നാസ് വരെയുള്ള സൂറത്തുകൾ എന്നിവയുടെ അർത്ഥവും ലഘു വിശദീകരണവും, 37 ദുആകൾ, ചില പ്രവർത്തനങ്ങളുടെ മര്യാദകളും സുന്നത്തുകളും, 25 ഹദീസുകളുടെ അർത്ഥവും ലഘു വിശദീകരണവും, പ്രധാന ഇസ്‌ലാമിക വിശ്വാസങ്ങൾ, ശുദ്ധി, നോമ്പ്, സകാത്ത്, ഹജ്ജ് അഖീഖത്ത്, ഉളുഹിയ്യത്ത്, തുടങ്ങിയവയുടെ നിയമങ്ങൾ, സുന്നത്ത് നിസ്കാരങ്ങളുടെ പഠനം, നബി ﷺ യുടെ ഉന്നതഗുണങ്ങളും ചര്യകളും ഖുലഫാഉർറാഷിദൂൻ, സഹാബികൾ, ഉമ്മഹാതുൽ മുഅ്മിനീൻ മറ്റു സ്വഹാബിമാർ എന്നിവരുടെ ചരിത്ര സംഗ്രഹം, സ്വഭാവ രൂപീകരണത്തിന് 164 പാഠങ്ങൾ, അറബി വായിക്കാനും എഴുതാനുമുള്ള പരിശീലനം, ഉറുദുവിൽ നബിമാരുടെയും അവരുടെ സമൂഹത്തിന്റെയും ചരിത്രങ്ങൾ.



## സിലബസിന്റെ പ്രത്യേകതകൾ

- വർണ്ണശബളമായ പാഠപുസ്തകങ്ങൾ
- ദിവസേന ഒരു മണിക്കൂർ സമയക്രമം
- ശക്തവും, വ്യക്തവുമായ അവലംബം
- നിഷേധാത്മകമല്ലാത്ത ബോധനരീതി
- അനാവശ്യ തർക്ക വിഷയങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു
- സരളമായ ഭാഷ
- ആക്റ്റിവിറ്റി ചാർട്ട് ഉപയോഗപ്പെടുത്തിയുള്ള തർബിയ്യത്ത്
- മാസം തോറുമുള്ള പരിശോധനാ ചാർട്ട്
- നമസ്കാരചാർട്ട് ഉപയോഗപ്പെടുത്തിയുള്ള നമസ്കാര പരിശീലനം
- ഉസ്താദ്,മാതാപിതാക്കൾ,പ്രിൻസിപ്പൽ,മദ്റസാ ഭാരവാഹികൾ എന്നിവരുടെ മേൽനോട്ടം
- 14 ഭാഷകളിൽ സിലബസിന്റെ ഭാഷാന്തരം

## نرسری کورس
## നഴ്സറി കോഴ്സ് (2 വർഷം)

**02** YEARS









**പാഠ്യവിഷയങ്ങൾ :**

അറബി അക്ഷരങ്ങൾ, 3 സൂറത്തുകൾ മനഃപാഠമാക്കൽ, വ്യത്യസ്ഥ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട 19 ദുആകൾ, വെള്ളം കുടിക്കുന്നതിന്റെ സുന്നത്തുകൾ, 3 ഹദീസുകൾ മനഃപ്പാഠമാക്കൽ, ഒന്നാമത്തെയും രണ്ടാമത്തെയും കലിമകൾ അർത്ഥ സഹിതം, അല്ലാഹുവിന്റെ പരിശുദ്ധ നാമങ്ങളിൽ നിന്നും അഞ്ചെണ്ണം, വുളൂഇന്റെ രൂപം, ഫർള് നിസ്കാരത്തിലെ റകഅത്തുകളുടെ എണ്ണം, ഇസ്‌ലാമിക പൊതുവിജ്ഞാനത്തിൽ നിന്നും 20 ചോദ്യങ്ങളും ഉത്തരങ്ങളും, ഖുർആനിലെ ഒരു ദുആ, സ്വഭാവ സംസ്കരണത്തിനുള്ള 4 പാഠങ്ങൾ, അറബി വാക്യങ്ങൾ, നിറങ്ങളുടെ അറബി നാമങ്ങൾ, എണ്ണം, ഉറുദു അക്ഷരങ്ങൾ



## ابتدائی نصاب
## പ്രൈമറി കോഴ്സ് (1 മുതൽ 5 വരെ)

**05** YEARS




**പാഠ്യവിഷയങ്ങൾ :**

നൂറാനീ ഖാഇദ, പരിശുദ്ധ ഖുർആൻ ആദ്യന്തം പാരായണം ചെയ്ത് പഠിക്കൽ, 22 സൂറത്തുകൾ മനഃപ്പാഠമാക്കൽ, 40 ദുആകൾ, 13 സുന്നത്തുകൾ, 40 ഹദീസുകൾ മനഃപ്പാഠമാക്കൽ. അടിസ്ഥാന വിശ്വാസവുമായി ബന്ധപ്പെട്ട അഞ്ച് കലിമത്തുകൾ, അടിസ്ഥാന വിശ്വാസകാര്യങ്ങൾ, ഫർള് നമസ്കാരം, മറ്റ് ആറ് നിസ്കാരങ്ങൾ, അല്ലാഹുവിന്റെ 99 നാമങ്ങൾ, ശുദ്ധി,നിസ്കാരം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന നിയമങ്ങൾ, ഇസ്‌ലാമിക പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട 110 ചോദ്യങ്ങളും ഉത്തരങ്ങളും, 5 പ്രസംഗം, 5 ദുആ, നബിയുടെയും ഖുലഫാറാഷിദുകളുടെയും ചരിത്ര സംഗ്രഹങ്ങൾ, സ്വഭാവ സംസ്കരണവുമായി ബന്ധപ്പെട്ട് 125 ഖുർആൻ–ഹദീസ് വാക്യങ്ങൾ, അറബിയിൽ എണ്ണൽ, നിത്യോപയോഗ വസ്തുക്കളുടെ നാമങ്ങൾ, എഴുത്ത് പരിശീലനം , ഉറുദുവിൽ എഴുത്തും വായനയും.